# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 629

11.6.2013-ലെ മറുപടിയ്ക്ക്

## റാന്നിയിൽ കിൻഫ്രയുടെ അപ്പാരൽ പാർക്ക്

| ചോദ്യം<br>ശ്രീ. രാജു എബ്രഹാം | | ഉത്തരം<br>ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
|---|---|---|
| എ) റാന്നിയിൽ കിൻഫ്രയുടെ അപ്പാരൽ പാർക്ക് ആരംഭിക്കുന്നതിന് എന്നാണ് തീരുമാനമെടുത്തത് എന്നറിയിക്കുമോ; | എ) | 2010-11-ലെ ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ റാന്നിയിൽ ഒരു റൂറൽ അപ്പാരൽ പാർക്ക് സ്ഥാപിക്കുവാൻ 06.4.2010-ൽ കിൻഫ്ര ബോർഡ് തീരുമാനമെടുത്തു. |
| ബി) അപ്പാരൽ പാർക്കിന് കെട്ടിടവും പശ്ചാത്തല സൗകര്യവും ലഭ്യമാക്കുന്നതിനായി റവന്യൂ വകുപ്പ് മുഖേന പമ്പ ഇറിഗേഷൻ പ്രോജക്ടിന്റെ എത്ര സ്ഥലമാണ് വ്യവസ്ഥകൾക്ക് വിധേയമായി പാട്ടത്തിന് ലഭിച്ചിട്ടുള്ളത് എന്നും ഒരു വർഷം എത്ര രൂപയാണ് പാട്ടത്തുക എന്നും ഇപ്പോൾ വരെ പാട്ടത്തുകയിനത്തിൽ ഓരോ വർഷവും അടച്ച തുക എത്ര വീതമെന്നും വർഷം തിരിച്ച് വ്യക്തമാക്കാമോ; | ബി) | ഇതിനായി 01.03.2011-ലെ 135/2011/RD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം റാന്നി താലൂക്കിലെ റാന്നി വില്ലേജിൽപ്പെട്ട Sy.No.517/pt-1 വരുന്നതുമായ 1.40558 ഏക്കർ ഭൂമി 30 വർഷത്തെ പാട്ട വ്യവസ്ഥയിൽ കിൻഫ്രയ്ക്ക് കൈമാറാൻ ഉത്തരവായിട്ടുള്ളതാണ്. ഇതിനായി ഒരു വർഷം 24,856/- രൂപ പ്രകാരം 2010-11, 2011-12, 2012-13 വർഷങ്ങളിൽ കിൻഫ്ര പാട്ടത്തുക അടച്ചിട്ടുള്ളതുമാണ്. |
| സി) ഏതെങ്കിലും വർഷത്തെ പാട്ടത്തുക അടയ്ക്കാതിരുന്നിട്ടുണ്ടോ; എങ്കിൽ ഏത് വർഷത്തെയാണെന്നും അടയ്ക്കാതിരുന്നതിന്റെ കാരണം എന്താണെന്നും വ്യക്തമാക്കാമോ; | സി) | 2012-13 വരെയുള്ള പാട്ടത്തുക അടച്ചിട്ടുണ്ട്. |
| ഡി) സ്ഥലമനുവദിച്ച് ഇറക്കിയ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ; ഏതൊക്കെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് ഭൂമി അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | ഡി) | ഉത്തരവിന്റെ പകർപ്പ് ഇതിനോടൊപ്പം അടക്കം ചെയ്യുന്നു. 30 വർഷത്തെ പാട്ട വ്യവസ്ഥയിലാണ് കിൻഫ്രയ്ക്ക് ഭൂമി കൈമാറ്റം ചെയ്യപ്പെട്ടത്. |

| | | | |
|---|---|---|---|
| ഇ) | കെട്ടിട നിർമ്മാണത്തിനാവശ്യമായ ഫണ്ട് കിൻഫ്രയ്ക്ക് കൈമാറുകയും പാട്ടത്തുക അടയ്ക്കുകയും 650 ലക്ഷം രൂപയുടെ കെട്ടിടം നിർമ്മിക്കുന്നതിനായി ടെൻഡർ നടപടികൾ വരെ പൂർത്തിയാക്കുകയും ചെയ്തിട്ടും ഇതുവരെ കെട്ടിടനിർമ്മാണം ആരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നും ഇതിന്റെ കാരണം എന്തെന്നും വ്യക്തമാക്കാമോ; | ഇ) | നിലവിലെ അപ്പാരൽ പാർക്കുകൾ പ്രായോഗികമായി വിനിയോഗിക്കാൻ കഴിയാത്ത സാഹചര്യത്തിൽ , കേരളത്തിൽ കൂടുതൽ അപ്പാരൽ പാർക്കുകൾ സ്ഥാപിക്കുന്നത് പ്രായോഗികമല്ലെന്നതിനാൽ പ്രസ്തുത സ്ഥലത്ത് ഒരു സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചു വരികയാണ്. |
| എഫ്) | ഈ സർക്കാർ അധികാരമേറ്റ ശേഷം കിൻഫ്ര പുതുതായി ആരംഭിച്ച വ്യവസായ പദ്ധതികൾ ഏതൊക്കെ എന്നും വ്യക്തമാക്കുമോ ; | എഫ്) | ഈ സർക്കാർ അധികാരമേറ്റ ശേഷം കിൻഫ്രയുമായി ബന്ധപ്പെട്ട് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ താഴ പറയുന്നവയാണ്.<br>• വ്യവസായ വികസന മേഖല- തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്.<br>• ഗ്ലോബൽ ആയുർവേദ വില്ലേജ്- തിരുവനന്തപുരം<br>• വ്യവസായ പാർക്ക്- മട്ടന്നൂർ , കണ്ണൂർ<br>• ബിസിനസ് പാർക്ക്- കൊല്ലം<br>• വ്യവസായ പാർക്ക്- ഉദുമ. |
| ജി) | പ്രസ്തുത അപ്പാരൽ പാർക്കിന്റെ പ്രവർത്തനം ആരംഭിക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ? | ജി) | (ഇ) അപ്പാരൽ പാർക്കിനു പകരം വ്യവസായ സംരംഭകർക്കായി ഒരു സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി സ്ഥാപിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

4

KERALA INDUSTRIAL INFRASTRUCTURE DEVELOPMENT CORPORATION TRIVANDRUM No. 29454

കേരള സർക്കാർ
സംഗ്രഹം

റവന്യൂ വകുപ്പ്-പത്തനംതിട്ട ജില്ല- റാന്നി വില്ലേജ്- സർവ്വെ. നം. 517/പി1ൽ പ്പെട്ടതും ജലവിഭവ വകുപ്പിന്റെ കൈവശത്തിലുള്ളതുമായ 1.40.558 ഏക്കർ ഭൂമി, കമ്പോള വിലയുടെ 2% നിരക്കിൽ വാർഷിക പാട്ടത്തുക ഈടാക്കിക്കൊണ്ട് അപ്പാരൽ പാർക്ക് സ്ഥാപിക്കുന്നതിനായി 30 വർഷത്തേയ്ക്ക് കിൻഫ്രയ്ക്ക് പാട്ടത്തിന് നല്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ(എ)വകുപ്പ്

സ.ഉ.(എം.എസ്) നം. 135/2011/റവന്യൂ. തിരുവനന്തപുരം, തീയതി: 01/03/2011

---

പരാമർശം:- ലാന്റ് റവന്യൂ കമ്മീഷണറുടെ 04/12/2010ലെ എൽ.ആർ.കെ2-38927/10 നമ്പർ കത്ത്

ഉത്തരവ്

പത്തനംതിട്ട ജില്ലയിൽ റാന്നി വില്ലേജിൽ സർവ്വെ. നം. 517/പി1-ൽ പ്പെട്ടതും ജലവിഭവ വകുപ്പിന്റെ കൈവശത്തിലുള്ളതുമായ 1.40.558 ഏക്കർ ഭൂമി, കിൻഫ്ര അപ്പാരൽ പാർക്കിനുവേണ്ടി കൈമാറുന്നത് സംബന്ധിച്ച ഭൂമി കൈമാറ്റ നിർദ്ദേശം മേൽ പരാമർശം പ്രകാരം ലാന്റ് റവന്യൂ കമ്മീഷണർ സമർപ്പിച്ചു.

2. പരാമർശ വസ്തു റീസർവ്വെ ബ്ലോക്ക് 6 ൽ ഫീൽഡ് നം. 528 ൽ 46.515 സെന്റും 571 ൽ 94.045 സെന്റും ഉൾപ്പെടെയുള്ള 1.40.558 ഏക്കർ ഭൂമിയാണെന്നും ബി.റ്റി.ആർ പ്രകാരം പുറമ്പോക്ക് എന്ന് രേഖപ്പെടുത്തിയിട്ടുള്ളതായും ലാന്റ് റവന്യൂ കമ്മീഷണർ റിപ്പോർട്ടു ചെയ്തു. പ്രസ്തുത വസ്തുവിന് ആർ ഒന്നിന് 21,853/- രൂപാ നിരക്കിൽ 1.40.558 ഏക്കർ ഭൂമിക്ക് 12,42,780/- രൂപ (പന്ത്രണ്ട് ലക്ഷത്തി നാല്പത്തിരണ്ടായിരത്തി എഴുനൂറ്റി എൺപത് രൂപാ മാത്രം) കമ്പോള വിലയായി ലാന്റ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പത്തനംതിട്ട ജില്ലയിൽ റാന്നി വില്ലേജിൽ സർവ്വെ. നം. 517/പി1-ൽ പ്പെട്ടതും ജലവിഭവ വകുപ്പിന്റെ കൈവശത്തിലുള്ളതുമായ 1.40.558 ഏക്കർ ഭൂമി, കമ്പോള വിലയായ 12,42,780/- രൂപയുടെ 2% നിരക്കിൽ വാർഷിക പാട്ടത്തുക ഈടാക്കിക്കൊണ്ട് അപ്പാരൽ പാർക്ക് സ്ഥാപിക്കുന്നതിനായി 30 വർഷത്തേയ്ക്ക് താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി കിൻഫ്രയ്ക്ക് പാട്ടത്തിന് നല്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു: -

1. പ്രസ്തുത ഭൂമിയിൽ നില്ക്കുന്ന മരങ്ങൾ സംരക്ഷിക്കേണ്ടതാണ്. മരങ്ങൾ മുറിച്ച് മാറ്റേണ്ടി വന്നാൽ റവന്യൂ അധികാരികളുടെ അനുവാദം വാങ്ങുകയും, മുറിച്ച മാറ്റുന്ന മരങ്ങൾക്ക് പകരം

വൃക്ഷത്തൈകൾ നടുകയും ചെയ്യേണ്ടതാണ്.

2. അനുവദിച്ച ആവശ്യത്തിനു മാത്രമേ ഭൂമി ഉപയോഗിക്കാൻ പാടുള്ളൂ.
3. അനുവദിച്ച് ഒരു വർഷത്തിനുള്ളിൽ നിർമ്മാണ പ്രവർത്തനം ആരംഭിക്കണം. അല്ലാത്ത പക്ഷം ഭൂമി തിരിച്ചെടുത്ത് റവന്യൂ വകുപ്പിൽ നിക്ഷിപ്തമാക്കുന്നതാണ്.
4. മൂന്ന് വർഷം കൂടുമ്പോൾ പാട്ടം പുതുക്കേണ്ടതാണ്.
5. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽത്തന്നെ പാട്ടം അടയ്ക്കേണ്ടതാണ്.
6. ഭൂമി ധനകാര്യ സ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാൻ പാടില്ല.
7. ഭൂമി കൈയേറ്റക്കാരിൽ നിന്നും സംരക്ഷിക്കേണ്ട ചുമതല KINFRA-യ്ക്കാണ്.
8. പ്രസ്തുത ഭൂമി ഉപപാട്ടത്തിന് നല്കുവാനോ, തറവാടകയ്ക്ക് നല്കുവാനോ, അന്യാധീനപ്പെടുത്തുവാനോ, ദുരുപയോഗപ്പെടുത്തുവാനോ പാടില്ല.
9. മേൽപ്പറഞ്ഞ വ്യവസ്ഥകളിൽ ഏതെങ്കിലും ലംഘിക്കുകയാണെങ്കിൽ ഭൂമി തിരികെ റവന്യൂ വകുപ്പിൽ നിക്ഷിപ്തമാകുന്നതാണ്.

പത്തനംതിട്ട ജില്ലാ കളക്ടർ ഇത് സംബന്ധിച്ച അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
ഡോ. നിവേദിത പി.ഹരൻ
അഡീഷണൽ ചീഫ് സെക്രട്ടറി

1. മാനേജിംഗ് ഡയറക്ടർ, കിൻഫ്ര, തിരുവനന്തപുരം.
2. ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
3. ജില്ലാ കളക്ടർ, പത്തനംതിട്ട
4. സ്പെഷ്യൽ ഓഫീസർ, ലാന്റ് ബാങ്ക്
5. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ & ഇ) കേരളാ, തിരുവനന്തപുരം
6. ജലവിഭവ വകുപ്പ്
7. ധനകാര്യവകുപ്പ്
8. പൊതുഭരണ (എസ്.സി) വകുപ്പ്
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ